അഭിമുഖം

പി. മുജീബുർറഹ്മാൻ / ടി. മുഹമ്മദ് വേളം

# ജനപക്ഷരാഷ്ട്രീയ ബദൽ ഉയർത്തിക്കൊണ്ടുവരും

2009-'11 പ്രവർത്തനകാലയളവിലെ സോളിഡാരിറ്റിയുടെ നയപരിപാടികളെയും പ്രവർത്തന ഊന്നലുകളെയും കുറിച്ച് സംസ്ഥാന പ്രസിഡന്റ് പി. മുജീബുർറഹ്മാൻ സംസാരിക്കുന്നു



● *സോളിഡാരിറ്റി 2009-'11 പ്രവർത്തന കാലയളവിൽ പുതിയ എന്ത് ശ്രദ്ധയാണ് സ്വീകരിക്കാൻ ആഗ്രഹിക്കുന്നത്?*

കഴിഞ്ഞ പ്രവർത്തന കാലയളവിൽ 'ബഹുജനാഭിപ്രായത്തെ സ്വാധീനിച്ച് ഭരണരാഷ്ട്രീയ മണ്ഡലത്തെ നേർദിശയിലാക്കാനുള്ള സമ്മർദശക്തിയായി സംഘടനയെ വളർത്തിയെടുക്കും' എന്നതാണ് മുഖ്യലക്ഷ്യമായി സ്വീകരിച്ചിരുന്നത്. എന്നാൽ പുതിയ കാലയളവിൽ സമ്മർദശക്തി എന്നിടത്തുനിന്നും 'സാമൂഹികനീതിയിലും സന്തുലിത വികസനത്തിലും അധിഷ്ഠിതമായ ഒരു ജനപക്ഷരാഷ്ട്രീയ ബദൽ ഉയർത്തിക്കൊണ്ടുവരും' എന്നത് മുഖ്യഊന്നലായി തീരുമാനിച്ചിരിക്കുന്നു.

● *ജനപക്ഷ രാഷ്ട്രീയബദൽ എന്നതിന്റെ പ്രായോഗിക രൂപമെന്താണ്?*

പ്രായോഗിക രീതി എന്ത് എന്നതിലുപരി ഇടതു-വലതു മുന്നണികൾക്കിടയിൽ കേരളസമൂഹം അനുഭവിച്ചു തീർക്കുന്ന നിവൃത്തികേടിന്റെ രാഷ്ട്രീയത്തിനെതിരെ ഒരു പുതിയ രാഷ്ട്രീയത്തെ കേരളീയ സമൂഹത്തിനു മുന്നിൽ അവതരിപ്പിക്കുക എന്നതാണ് സംഘടന ഉദ്ദേശിക്കുന്നത്. എൽ.ഡി.എഫിന്റെ ജീർണതക്ക് പകരം വെക്കപ്പെടുന്നത് യു.ഡി.എഫിന്റെ പ്രതിലോമപരതയാണ്. ഇത് അനാരോഗ്യകരമായ ഒരു രാഷ്ട്രീയ അന്തരീക്ഷമാണ്.

**ഇസ്‌ലാമികസമൂഹം എന്നതുതന്നെ ഏക ശിലാത്മകമായ ഒന്നല്ല. ബഹുസ്വരതകൾ പുലർന്നുപോന്ന ഒന്നാണത്. ഇസ്‌ലാമിനകത്തെ വൈവിധ്യമാർന്ന എല്ലാ ധാരകളെയും സംഘടനയിൽ അണിനിരത്താനാണ് സോളിഡാരിറ്റി ശ്രമിക്കുന്നത്. സുന്നികൾക്കും മുജാഹിദുകൾക്കും തബ്‌ലീഗുകാർക്കുമെല്ലാം സോളിഡാരിറ്റിയിൽ ചേർന്നു പ്രവർത്തിക്കാവുന്നതാണ്.**



● *സോളിഡാരിറ്റിയെ സമ്മർദശേഷിയായി വളർത്തിയെടുക്കും എന്ന കഴിഞ്ഞ കാലയളവിലെ നയത്തിന്റെ പ്രതിഫലനം എത്രത്തോളമായിരുന്നു?*

പൊതുവിലും കഴിഞ്ഞ പ്രവർത്തനകാലയളവിൽ വിശേഷിച്ചും കേരളീയ ഭരണരാഷ്ട്രീയ പൗരസമൂഹ മണ്ഡലങ്ങളിൽ ഒരു സമ്മർദശക്തിയായിത്തീരാൻ സോളിഡാരിറ്റിക്ക് സാധിച്ചിട്ടുണ്ട്.

കേരളത്തിലെ പല ജനകീയ സമരങ്ങൾക്കും തുടക്കം കുറിക്കാനും അതിനെ ശരിയായ ദിശയിലേക്ക് നയിക്കാനും സോളിഡാരിറ്റിക്ക് കഴിഞ്ഞിട്ടുണ്ട്. ചെറുകിട കച്ചവട മേഖലയിലെ കുത്തകവൽക്കരണത്തിനെതിരായ സമരത്തിന് തുടക്കം കുറിച്ചത് സോളിഡാരിറ്റിയായിരുന്നു. വ്യാപാര സംഘടനകളുടെയും ഇടതുപക്ഷ യുവജന സംഘടനകളുടെയും പങ്കാളിത്തത്തോടെ ശക്തമായ പ്രക്ഷോഭമുയർത്താൻ സംഘടനക്ക് സാധിച്ചു.

രണ്ടുതരം ഫലങ്ങൾ ആ സമരത്തിനുണ്ടായതായി ഞങ്ങൾ വിലയിരുത്തുന്നു. ഒന്ന്, സർക്കാർ നടപടികൾ സ്വീകരിക്കാതിരിക്കെത്തന്നെ സമരം കാരണം തന്നെ പല കുത്തക സ്ഥാപനങ്ങൾക്കും പൂട്ടിപ്പോകേണ്ടിവന്നു. രണ്ട്, സ്ഥാപനങ്ങൾ പൂട്ടാത്തിടത്തും സമരം ഉയർത്തിയ ആശയപ്രചാരണത്താൽ സ്വാധീനിക്കപ്പെട്ട ജനങ്ങൾ ഇത്തരം സ്ഥാപനങ്ങളെ പരാജയപ്പെടുത്തി. ഒടുവിൽ ഇതിനെക്കുറിച്ച് പഠിക്കാൻ നിയോഗിക്കപ്പെട്ട പാർലമെന്ററി സമിതി സമരം ഉന്നയിച്ച ഏതാണ്ടെല്ലാ എതിർവാദങ്ങളും അംഗീകരിച്ചുകൊണ്ടാണ് റിപ്പോർട്ടു സമർപ്പിച്ചത്.

തീരദേശ പരിപാലന നിയമത്തിന്റെ അപകടങ്ങളിലേക്ക് തീരദേശവാസികളുടെയും പൊതുസമൂഹത്തിന്റെയും ശ്രദ്ധ ആദ്യമായി ക്ഷണിച്ചത് സോളിഡാരിറ്റിയായിരുന്നു. തീരദേശവാസികളെ വിഷയത്തിൽ ബോധവൽക്കരിക്കുന്നതിൽ ഏറെ വിജയിച്ചു. കേരളത്തിലെ ഭരണ-രാഷ്ട്രീയ വിഭാഗങ്ങളെക്കൊണ്ട് നിയമത്തിനെതിരായ നിലപാടെടുപ്പിക്കാൻ സംഘടനക്ക് സാധിച്ചു.

● *മുതലാളിത്ത വികസന ക്രമത്തിനെതിരായ തീക്ഷ്ണമായ പ്രതികരണങ്ങളും പ്രതിരോധവും സൃഷ്ടിച്ചുകൊണ്ടാണല്ലോ സോളിഡാരിറ്റി പിറന്നുവീണതും നടന്നുതുടങ്ങിയതും. നമ്മുടെ വികസനരീതിയെ ഇപ്പോൾ എങ്ങനെയാണ് നോക്കിക്കാണുന്നത്?*

സോളിഡാരിറ്റി നൽകിയ ആപത്സൂചനകളെല്ലാം പിൽക്കാലങ്ങളിൽ പുലർന്നതായാണ് അനുഭവം. ആണവകരാർ രാജ്യത്തിന്റെ പരമാധികാരത്തെ അടിയറ വെക്കുന്നതാണെന്ന് സോളിഡാരിറ്റി ഉൾപ്പെടെയുള്ള സംഘടനകൾ മുന്നറിയിപ്പുനൽകിയിരുന്നു. അത് അക്ഷരംവിടാതെ പുലരുന്നതാണ് ഇപ്പോൾ നാം കണ്ടുകൊണ്ടിരിക്കുന്നത്. മുതലാളിത്ത വികസനക്രമം വിനാശകരവും നിലനിൽക്കാൻ പ്രാപ്തിയില്ലാത്തതുമാണ് എന്ന് സോളിഡാരിറ്റി തുടക്കം മുതൽ നിരന്തരം പറഞ്ഞുകൊണ്ടിരുന്നതാണ്. ആഗോളസാമ്പത്തിക പ്രതിസന്ധി ഇതിന് അടിവരയിടുന്നതായിരുന്നു. അതുകൊണ്ടുതന്നെ വികസനത്തെക്കുറിച്ച് ഉയർത്തിയ വിമർശനങ്ങൾ കൂടുതൽ ശക്തിയിൽ വരുംദിനങ്ങളിൽ സംഘടന ഉയർത്തുകതന്നെ ചെയ്യും.

● *സോളിഡാരിറ്റിയുടെ വികസനകാഴ്ചപ്പാട് തീർത്തും നിഷേധാത്മകവും നെഗറ്റീവുമാണെന്ന വിമർശനത്തെക്കുറിച്ച് എന്താണ് പറയാനുള്ളത്?*

സാമൂഹിക വികസനത്തിനായി യത്നിക്കുന്ന ഒരാദർശ വിപ്ലവ യുവജന പ്രസ്ഥാനമെന്ന നിലയിൽ നിലനിൽക്കുന്ന സാമൂഹികവ്യവസ്ഥയുടെ ജീർണതകൾക്കെതിരെ അരുത് എന്നുപറയാൻ സംഘടന ബാധ്യസ്ഥമാണ്. നിലനിൽക്കുന്ന വ്യവസ്ഥയുടെ മാറ്റം കൊതിക്കുന്ന ഏതൊരു പ്രസ്ഥാനവും അതിന്റെ ദൗർബല്യങ്ങൾ തുറന്നുകാട്ടുകയും പരിഹാരങ്ങൾ നിർദേശിക്കുകയും ചെയ്യുക എന്നത് അതിന്റെ ബാധ്യതയാണ്. നൂറുശതമാനം പോസിറ്റീവാകുക എന്നുപറയുന്നതിന്റെ അവസ്ഥ സോളിഡാരിറ്റി ഒരു മികച്ച എൻ.ജി.ഒ ആവുക എന്നാണ്; അഥവാ അരാഷ്ട്രീയമാവുക എന്നതാണ്.

എന്നാൽ ഈ വിമർശനത്തെ സോളിഡാരിറ്റി തീർത്തും തള്ളിക്കളയുന്നില്ല. ആറുവർഷം പിന്നിട്ട് ഏഴാം വർഷത്തിലേക്ക് പ്രവേശിക്കുമ്പോൾ വേണ്ടതെന്ത് എന്നുകൂടി പറയാൻ, അതു കൂടുതലായി പറയാൻ സംഘടന ആഗ്രഹിക്കുന്നു. 'സന്തുലിതവും നീതിയുക്തവുമായ കേരളവികസന മാതൃക സമർപ്പിക്കും' എന്നതാണ് പുതിയ കാലയളവിൽ സംഘടന സമർപ്പിക്കുന്ന വാഗ്ദാനം. അത് വികസനരംഗത്ത് സോളിഡാരിറ്റി നേരത്തേ നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളുടെ കൂടുതൽ മൂർത്തമായ ഒരു തുടർച്ചയാണ്. ഒരു നിഷേധാത്മക പ്രതിപക്ഷമാകാനല്ല ഒരു ക്രിയാത്മക പ്രതിപക്ഷമാകാനാണ് സോളിഡാരിറ്റി ആഗ്രഹിക്കുന്നത്.

● *അടിസ്ഥാനവർഗ പ്രശ്നങ്ങളെയാണ് അഭിമുഖീകരിക്കാറ്. കേരളത്തിലെ ജനസംഖ്യയിലെ മഹാഭൂരിപക്ഷം വരുന്ന മധ്യവർഗത്തിന്റെയും ഇടത്തരക്കാരുടെയും പ്രശ്നങ്ങളോട് സംഘടന വിമുഖമാണ് എന്ന വിമർശനത്തെ താങ്കൾ എങ്ങനെ നോക്കിക്കാണുന്നു?*

ഉപരിവർഗ-മധ്യവർഗ താൽപര്യങ്ങളും അടിസ്ഥാനവർഗ താൽപര്യങ്ങളും ഏറ്റുമുട്ടിയാൽ തീർച്ചയായും സോളിഡാരിറ്റി

അടിസ്ഥാനവർഗ താൽപര്യങ്ങളുടെ പക്ഷത്തുതന്നെയാണ് നിൽക്കുക. എന്നാൽ ഏതൊരു പ്രസ്ഥാനത്തിനും എല്ലാ സമൂഹവിഭാഗങ്ങളുടെയും പ്രശ്നങ്ങളെ അഭിസംബോധന ചെയ്യാൻ സാധിക്കേണ്ടതുണ്ട്.

തുടക്കത്തിൽ സ്വാഭാവികമായും അടിസ്ഥാനവർഗ പ്രശ്നങ്ങളെ കൂടുതൽ അഭിമുഖീകരിച്ച സംഘടന വരുംനാളുകളിൽ ഇടത്തരക്കാരന്റെയും മധ്യവർഗത്തിന്റെയും പ്രശ്നങ്ങളെയും കൂടുതൽ സജീവമായി കൈകാര്യം ചെയ്യണമെന്നാണാഗ്രഹിക്കുന്നത്.

● *ഫാഷിസം, തീവ്രവാദം എന്നീ സാമൂഹിക യാഥാർഥ്യങ്ങൾക്കെതിരെ സംഘടന സ്വീകരിക്കാനുദ്ദേശിക്കുന്ന സമീപനരീതി എന്താണ്?*

ഫാഷിസത്തെയും അതിനോടുള്ള തെറ്റായ പ്രതികരണരീതിയെയും സംഘടന തുടക്കം മുതലേ എതിർത്തുപോന്നിട്ടുണ്ട്. ഫാഷിസം, വർഗീയ സാമുദായിക തീവ്രവാദ സ്വഭാവത്തിലല്ല എതിർക്കപ്പെടേണ്ടത് എന്ന് സോളിഡാരിറ്റി വിശ്വസിക്കുന്നു.

● *ന്യൂനപക്ഷ-ദലിത്-സ്ത്രീ പ്രശ്നങ്ങളെ അവരുടെ സ്വത്വ പ്രശ്നങ്ങളായി കാണാൻ സോളിഡാരിറ്റി ശ്രമിക്കാറില്ല എന്ന വിമർശനത്തെക്കുറിച്ചെന്തുപറയുന്നു?*

പുതിയ പ്രവർത്തന കാലയളവിലെ പോളിസിപ്രോഗ്രാമിന്റെ ആമുഖത്തിൽ 'വ്യത്യസ്ത മത-ജാതി സ്വത്വങ്ങളുടെ സ്വയം നിർണയപരവും ഭരണഘടനാപരവുമായ അവകാശങ്ങളും സ്വാതന്ത്ര്യവും ഉറപ്പുവരുത്താൻ സംഘടന യത്നിക്കേണ്ടതുണ്ട്' എന്നു രേഖപ്പെടുത്തിയത് കാണാൻ കഴിയും. തുടക്കം മുതൽതന്നെ സംഘടന ഈ രംഗത്ത് ശ്രദ്ധ പതിപ്പിച്ചുപോന്നിട്ടുണ്ട്. കേരളത്തിലെ ദലിത് മുന്നേറ്റങ്ങളുടെ ചരിത്രത്തിലെ തന്നെ വളരെ വലിയ അധ്യായമായ ചെങ്ങറ ഭൂസമരത്തെയും ദലിതുകളുടെ പൊതുവായ ഭൂപ്രശ്നത്തെയും സംഘടന പിന്തുണച്ചുപോന്നിട്ടുണ്ട്. മതന്യൂനപക്ഷങ്ങൾ വിവേചനത്തിനിരയാകുന്ന എല്ലാ സന്ദർഭങ്ങളിലും സംഘടന ശക്തമായി പ്രതികരിച്ചുപോന്നിട്ടുണ്ട്. ഈ രംഗത്ത് കുറേക്കൂടി ജാഗ്രത കൈക്കൊള്ളാൻ പുതിയ പ്രവർത്തനകാലയളവിൽ നാം തീരുമാനിച്ചിരിക്കുന്നു.

● *സാംസ്കാരിക വൈവിധ്യങ്ങളും ബഹുസ്വരതയും പൊതുസമൂഹത്തിലും ഇസ്‌ലാമിക സമൂഹത്തിലും ധാരാളമായി ചർച്ച ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്ന ഇക്കാലത്ത്, ഒരു പുതിയ പ്രവർത്തന കാലയളവിലേക്ക് പ്രവേശിക്കുമ്പോൾ ഇതിനെ സവിശേഷമായി അഭിമുഖീകരിക്കുവാൻ സോളിഡാരിറ്റി ശ്രദ്ധിച്ചിട്ടുണ്ടോ?*

ഇസ്‌ലാമിന്റെ ബഹുസ്വര സ്വഭാവത്തിന്റെ മികച്ച ഒരാവിഷ്കാരമാണ് സോളിഡാരിറ്റി യൂത്ത്മൂവ്മെന്റ്. ഇസ്‌ലാമിൽ ഇതൊരു പുതിയ കണ്ടെത്തലല്ല. അതിന്റെ ആത്മാവിലും ചരിത്രത്തിലുടനീളമുള്ള പ്രയോഗങ്ങളിലും വലിയ അളവിൽ പതിഞ്ഞുകിടക്കുന്ന ഒന്നാണ്. വ്യക്തിയുടെയും ജനവിഭാഗങ്ങളുടെയും ന്യായമായ എല്ലാ അവകാശങ്ങളുടെയും പക്ഷത്തു നിന്നുപോന്നതാണ് ഇസ്‌ലാമിന്റെ ചരിത്രം. ഇസ്‌ലാമികസമൂഹം എന്നതുതന്നെ ഏകശിലാത്മകമായ ഒന്നല്ല. ബഹുസ്വരതകൾ പുലർന്നുപോന്ന ഒന്നാണത്. ഇസ്‌ലാമിനകത്തെ വൈവിധ്യമാർന്ന എല്ലാ ധാരകളെയും സംഘടനയിൽ അണിനിരത്താനാണ് സോളിഡാരിറ്റി ശ്രമിക്കുന്നത്. സുന്നികൾക്കും മുജാഹിദുകൾക്കും തബ്‌ലീഗുകാർക്കുമെല്ലാം സോളിഡാരിറ്റിയിൽ ചേർന്നു പ്രവർത്തിക്കാവുന്നതാണ്. സോളിഡാരിറ്റി യൂത്ത്മൂവ്മെന്റ് സാമ്രാജ്യത്വത്തെയും ഫാഷിസത്തെയും എതിരിടുന്നതിന്റെ ഒരടിത്തറ ഇവരണ്ടും ഏകശിലാത്മകത അടിച്ചേൽപിക്കാൻ ശ്രമിക്കുന്നു എന്നതാണ്. ഫാഷിസത്തെയും സാമ്രാജ്യത്വത്തെയും ബഹുസ്വരതയുടെ മറുരാഷ്ട്രീയം കൊണ്ട് പ്രതിരോധിക്കുക എന്നതാണ് സോളിഡാരിറ്റിയുടെ പ്രവർത്തനമുഖം.

● *യുവാക്കളുടെ ജീർണത ഒരു വലിയ സാമൂഹികപ്രശ്നമായി ചൂണ്ടിക്കാണിക്കപ്പെടാറുണ്ട്. ഒരു യുവജന സംഘടന എന്നനിലക്ക് പുതിയ ഒരു പ്രവർത്തനകാലയളവിലെ നയവും പരിപാടിയും ആവിഷ്കരിക്കുമ്പോൾ സംഘടന എങ്ങനെയാണ് ഇതിനെ നോക്കിക്കണ്ടത്?*

യുവാക്കളുടെ ജീർണതയുടെ അടിസ്ഥാനകാരണം ശരിയായ രാഷ്ട്രീയബോധത്തിന്റെയും ശരിയായ മത-ധാർമിക ബോധത്തിന്റെയും അഭാവമാണ്. ഇടതുപക്ഷത്തിന്റെയും മത സംഘടനകളുടെയും പരാജയം ഇതിന്റെ മുഖ്യകാരണമാണ്. ശരിയായ രാഷ്ട്രീയ ബോധവും ധാർമികബോധവും ചെറുപ്പക്കാർക്ക് നൽകിക്കൊണ്ടാണ് അവരുടെ അധാർമികതയെയും ജീർണതയെയും പ്രതിരോധിക്കേണ്ടത് എന്ന് സംഘടന മനസ്സിലാക്കുന്നു. ലഹരിക്കെതിരെ ഈ കാലയളവിൽ സാധ്യമാകുന്ന മുഴുവൻ സമര-ബോധവൽകരണ പരിപാടികളും സംഘടിപ്പിക്കാൻ തീരുമാനിച്ചിരിക്കുന്നു.

● *സോളിഡാരിറ്റി ഭവനനിർമാണപരിപാടി, എൻഡോസൾഫാൻ പുനരധിവാസ പദ്ധതി എന്നിവ സോളിഡാരിറ്റിയുടെ കുറഞ്ഞ ആയുസ്സിനിടയിലെ ശ്രദ്ധേയമായ സേവനസംരംഭങ്ങളായിരുന്നു. പുതിയ കാലയളവിൽ ഇത്തരത്തിലുള്ള എന്തെങ്കിലും സേവനപരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ?*

സോളിഡാരിറ്റി മുന്നോട്ടുവെച്ച സേവനപദ്ധതികളെക്കാൾ



**ഏതൊരു പ്രസ്ഥാനത്തിനും എല്ലാ സമൂഹവിഭാഗങ്ങളുടെയും പ്രശ്നങ്ങളെ അഭിസംബോധന ചെയ്യാൻ സാധിക്കേണ്ടതുണ്ട്. തുടക്കത്തിൽ സ്വാഭാവികമായും അടിസ്ഥാനവർഗ പ്രശ്നങ്ങളെ കൂടുതൽ അഭിമുഖീകരിച്ച സംഘടന വരുംനാളുകളിൽ ഇടത്തരക്കാരന്റെയും മധ്യവർഗത്തിന്റെയും പ്രശ്നങ്ങളെയും കൂടുതൽ സജീവമായി കൈകാര്യം ചെയ്യണമെന്നാണാഗ്രഹിക്കുന്നത്.**

പ്രധാനം അതു മുന്നോട്ടുവെച്ച സേവനസംസ്കാരമാണ്. പ്രവർത്തകരുടെയും സഹകാരികളുടെയും വിയർപ്പിന്റെ മണം കൂടിയുള്ളതാണ് അത് ഏറ്റെടുത്തു നടപ്പാക്കിയ മുഴുവൻ സേവനസംരംഭങ്ങളും. ഇത് കൂടുതൽ ശക്തിപ്പെടുത്താനും വ്യാപകമാക്കാനും സംഘടന തീരുമാനിച്ചിരിക്കുന്നു. സഹജീവികൾക്കു വേണ്ടി അധ്വാനിക്കുക എന്നത് നമ്മുടെ ചെറുപ്പക്കാരുടെ ഒരു സംസ്കാരമാവണം. വീട് നിർമാണപദ്ധതി തുടരുന്നതോടൊപ്പം കുടിവെള്ളം ലഭ്യമല്ലാത്ത ഏതാനും പ്രദേശങ്ങൾ തെരഞ്ഞെടുത്ത് പൊതുജനസഹായത്തോടെ ചെറുകിട ജലവിതരണ സംരംഭങ്ങൾ ആരംഭിക്കാൻ തീരുമാനിച്ചിരിക്കുന്നു.

● *സോളിഡാരിറ്റി സംഘടനാ പ്രവർത്തനത്തിൽ കലാ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് എത്രത്തോളം പ്രാധാന്യം നൽകാറുണ്ട്?*

ഒരു സാമൂഹിക പ്രസ്ഥാനമെന്ന നിലക്ക് സോളിഡാരിറ്റിക്ക് വേണ്ടത്ര ഇടപെടാൻ കഴിയാതെപോയ രംഗമായിരുന്നു സാംസ്കാരികമണ്ഡലം. സമരമുഖവും സേവനമുഖവും ഉള്ളതോടൊപ്പം സാംസ്കാരികമുഖവും കരുപ്പിടിപ്പിക്കാൻ സംഘടന ആഗ്രഹിക്കുന്നു. നേരത്തെ പ്രവർത്തിച്ചുവന്നിരുന്ന സോളിഡാരിറ്റി കലാവേദി സാംസ്കാരികവേദിയായി പുനഃസംഘടിപ്പിച്ചിരിക്കുന്നു. ഇത് ഈ പ്രവർത്തനകാലയളവിലെ സവിശേഷമായ ഒരു ചുവടുവെപ്പാണ്.

● *ഒരു ഇടപെടൽ പ്രസ്ഥാനമെന്ന നിലക്ക് പഠന-വൈജ്ഞാനിക പ്രവർത്തനങ്ങളെ സംഘടന എങ്ങനെയാണ് ക്രമീകരിക്കുന്നത്?*

ഇടപെടുന്ന ഏതുവിഷയവും ആഴത്തിൽ പഠിച്ച് വ്യക്തത വരുത്തി സമൂഹസമക്ഷം അവതരിപ്പിക്കുകയും സമരപരിപാടികൾ രൂപപ്പെടുത്തുകയും ചെയ്യുക എന്നതാണ് സംഘടനയുടെ രീതി. പുതിയ കാലയളവിൽ ഇടപെടലുകൾക്കുവേണ്ടി പഠനപ്രവർത്തനങ്ങൾ നടത്തുക എന്നതിനൊപ്പം പഠനപ്രവർത്തനങ്ങളെത്തന്നെ ഒരു ഇടപെടലായി വികസിപ്പിക്കാൻ സംഘടന തീരുമാനിച്ചിരിക്കുന്നു. വൈജ്ഞാനിക ആക്ടിവിസം കൂടുതൽ ശക്തിപ്പെടുത്തുക എന്നത് ഈ കാലയളവിന്റെ ഒരു ഊന്നലാണ്.

● *ഒന്നാം പ്രവർത്തന കാലയളവിൽ സംസ്ഥാന സമ്മേളനം, രണ്ടാമത്തെ കാലയളവിൽ ജില്ലാ സമ്മേളനം, മൂന്നാമത്തേതിൽ മേഖലാ സമ്മേളനം. പുതിയ കാലയളവിൽ ഏതെങ്കിലും തലത്തിൽ സമ്മേളനം സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ?*

നേരത്തെ നടന്നതുപോലുള്ള സമ്മേളനങ്ങൾ ഈ കാലയളവിൽ ആസൂത്രണം ചെയ്യപ്പെട്ടിട്ടില്ല. നേരത്തെ പറഞ്ഞ ജനപക്ഷ രാഷ്ട്രീയബദലിനെ പിന്തുണക്കുന്ന സ്വഭാവത്തിൽ കേരളത്തിലെ മുഴുവൻ സമരസംഘടനകളുടെയും ഒരു ഒത്തുചേരലാണ് ഈ കാലയളവിലെ ഇത്തരത്തിലുള്ള ഒരു സുപ്രധാന പരിപാടി.

● *മുസ്‌ലിം യുവാക്കളുടെ സംസ്കരണം ലക്ഷ്യംവെച്ച് എന്തു പരിപാടിയാണ് സോളിഡാരിറ്റി മുന്നിൽകാണുന്നത്?*

മൂന്നുമാസത്തിലൊരിക്കൽ സംഘടിപ്പിക്കപ്പെടുന്ന സംസ്കരണ സംഗമങ്ങൾ ഈ കാലയളവിലും കൂടുതൽ കാര്യക്ഷമതയോടെ തുടരും. അഥവാ മുസ്‌ലിം ചെറുപ്പക്കാരെ സോളിഡാരിറ്റി വരുംനാളുകളിലും സവിശേഷമായി അഭിമുഖീകരിക്കും. അവരുടെ ഇസ്‌ലാമികമായ സംസ്കരണം സംഘടനയുടെ കാര്യപരിപാടികളിൽ അവഗണിക്കാനാവാത്ത ഒന്നുതന്നെയാണ്.

● *ഈ കാലയളവിൽ ശ്രദ്ധേയമായ മറ്റെന്തെങ്കിലും പരിപാടികൾ?*

അഴിമതി കേരളീയ സമൂഹത്തിന്റെ ഏറ്റവും വലിയ ശാപമാണെന്ന് സോളിഡാരിറ്റി മനസ്സിലാക്കുന്നു. അഴിമതിക്കെതിരായ വിട്ടുവീഴ്ചയില്ലാത്ത പോർമുഖം തുറക്കാൻ സോളിഡാരിറ്റി തീരുമാനിച്ചിരിക്കുന്നു. കേരളത്തിലെ സർക്കാർ ഓഫീസുകളിലെ അഴിമതിക്കാരായ ഉദ്യോഗസ്ഥരെ സമൂഹസമക്ഷം തുറന്നുകാണിക്കാൻ സോളിഡാരിറ്റി തീരുമാനിച്ചിരിക്കുന്നു. ഈ തീരുമാനത്തിന്റെ അടിസ്ഥാനത്തിലുള്ള ബഹുമുഖ പ്രവർത്തന പരിപാടികളിൽ ഇനിയുള്ള ദിവസങ്ങളിൽ ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും ചെയ്യും.

● *സോളിഡാരിറ്റി അതിന്റെ സംഘടനാ ഘടനയെ എങ്ങനെ ക്രമീകരിക്കാനാണ് ആഗ്രഹിക്കുന്നത്?*

ഏറ്റവും ലളിതമായ ഘടനയും ഏറ്റവും സജീവമായ പ്രവർത്തനവും എന്നതാണ് ഈ രംഗത്തെ സംഘടനയുടെ കാഴ്ചപ്പാട്. ഘടനക്കുവേണ്ടിയുള്ള പ്രസരണനഷ്ടങ്ങളെ പരമാവധി കുറച്ചെടുക്കുക, പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുക, പ്രവർത്തന വിലയിരുത്തലുകളിൽ സാങ്കേതികതകൾ പരമാവധി ഒഴിവാക്കുക, ഇങ്ങനെ പ്രവർത്തനങ്ങൾ സാധ്യമാകുന്നത്ര വികേന്ദ്രീകരിക്കാനാണ് സംഘടന ശ്രമിക്കുന്നത്. നേരത്തെ സംസ്ഥാനതലത്തിൽ നയവും പരിപാടിയും രൂപീകരിച്ചാണ് മുന്നോട്ടുപോയതെങ്കിൽ ഇപ്രാവശ്യം കേരളത്തിലെ 14 ജില്ലകളും സംസ്ഥാന നയപരിപാടിയിൽ നിന്നുകൊണ്ട് അവരുടേതായ പരിപാടികൾ ആവിഷ്കരിച്ചുകൊണ്ടാണ് മുന്നോട്ടുപോകുന്നത്. ലാളിത്യം, വികേന്ദ്രീകരണം എന്നിവ സംഘടനാ ഘടനയുടെ കാര്യത്തിൽ ഒരു നയമായി തന്നെയാണ് സോളിഡാരിറ്റി കാണുന്നത്. ■